പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 138 — 14.6.2013-ന് മറുപടിക്ക്

## ശുചിത്വമിഷന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>" കെ. രാധാകൃഷ്ണൻ<br>" രാജു എബ്രഹാം | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |

എ) ശുചിത്വമിഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ നൽകാമോ; സംസ്ഥാനത്തെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ എന്തെല്ലാം ഇടപെടലുകളാണ് 2012-13ൽ ശുചിത്വമിഷൻ നടത്തിയിട്ടുള്ളത് എന്നറിയിക്കാമോ;

എ) ഉണ്ട്; ശുചിത്വമിഷന്റെ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പിൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയിലും, പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലുമുള്ള ജനറൽ ബോഡി മീറ്റിംഗിലും കാലാകാലങ്ങളിൽ വിലയിരുത്തൽ നടത്തുന്നുണ്ട്.കൂടാതെ ലോക്കൽ ഫണ്ട് ഓഡിറ്റ്, അക്കൗണ്ട് ജനറൽ തുടങ്ങിയ നിയമപരമായ സംവിധാനങ്ങൾ വഴിയും വിലയിരുത്തൽ നടത്തുന്നുണ്ട്.

മാലിന്യ നിർമ്മാർജ്ജന രംഗത്ത് പ്രധാനമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സാങ്കേതികമായും സാമ്പത്തികമായും സഹായിക്കുക എന്നുള്ളതാണ് ശുചിത്വമിഷന്റെ ചുമതല. ഇതിനായി മാലിന്യം ഉണ്ടാകുന്ന സ്ഥലത്ത് തന്നെ തരംതിരിക്കാനും, ജൈവ ജീർണ്ണനം നടക്കുന്ന മാലിന്യം അതാതിടങ്ങളിൽ തന്നെ സംസ്കരിക്കാനും പ്രോത്സാഹനം നൽകിയിട്ടുണ്ട്. നിലവിലുള്ള പ്ലാന്റുകളുടെ നവീകരണം, പുതിയ പ്ലാന്റുകൾ സ്ഥാപിക്കൽ, നവീന പ്ലാന്റുകൾ സ്ഥാപിക്കാനുള്ള സാങ്കേതിക സഹായം നൽകൽ എന്നിവ കൂടാതെ നവീന അറവുശാല സ്ഥാപിക്കൽ, ആശുപത്രികളിലെ ദ്രവമാലിന്യ സംസ്കരണ പ്ലാന്റ്, വീടുകളിലും സ്ഥാപനങ്ങളിലും കക്കൂസുകൾ

സ്ഥാപിക്കാനുള്ള ധനസഹായം തുടങ്ങിയവയും 2012 – 13 വർഷത്തിൽ ശുചിത്വമിഷൻ സംസ്ഥാനത്തെ മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ നടത്തിയിട്ടുള്ള ഇടപെടലുകളാണ്.

ബി) ഏത് തരം മാലിന്യ നിർമ്മാർജ്ജന രീതിയ്ക്കാണ് ശുചിത്വമിഷൻ മുൻഗണന നൽകുന്നത്;അതിനുള്ള കാരണം അറിയിക്കാമോ;

ബി) ഖരമാലിന്യത്തിന്റെ കാര്യത്തിൽ ബയോളജിക്കൽ പ്രോസസിംഗ് ടെക്നോളജികളായ വിൻഡ്രോ കമ്പോസ്റ്റിംഗ്, വെർമി കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയവയാണ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്.
അനുവദനീയമായ സാങ്കേതികവിദ്യകൾ എന്ന നിലയിലും, ഏറ്റവും ചെലവുകുറഞ്ഞ വിദ്യകൾ എന്ന നിലയിലുമാണ് മുകളിൽ പറഞ്ഞിരിക്കുന്ന മാർഗ്ഗങ്ങൾ സ്വീകരിച്ചിരിക്കുന്നത്.

സി) 2012–13 ൽ ശുചിത്വ മിഷന് ബജറ്റിൽ അനുവദിച്ച തുക എത്ര; അതിൽ എന്തു തുക ചെലവഴിക്കാൻ കഴിഞ്ഞുവെന്നറിയിക്കാമോ?

സി) 2012–13 സാമ്പത്തിക വർഷത്തിൽ 177 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നെങ്കിലും 65.5 കോടി രൂപയാണ് സർക്കാർ അനുവദിച്ചത്. അതിൽ 32.17 കോടി രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ പ്രോജക്ടുകൾക്കായി അനുവദിച്ചു നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ